**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **08-10-2021 - ൽ മറുപടിയ്ക്ക്**

**ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതിനാൽ പുതിയ കെട്ടിടത്തിലേക്ക് ആശുപത്രി മാറ്റാൻ സാധിക്കാത്തത സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സൗജന്യമായി ലഭ്യമാക്കിയ സ്ഥലത്ത് പഞ്ചായത്തിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിച്ച ആയുർവേദ ആശുപത്രി കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമൂലം പ്രസ്തുത കെട്ടിടത്തിലേക്ക് ആശുപത്രി മാറ്റാൻ സാധിക്കാത്തതിനാൽ സ്ഥലം തരം മാറ്റി നൽകണമെന്നാവശ്യപ്പെട്ട് കാർഷികോൽപാദന കമ്മീഷണർക്ക് നൽകിയ എൻ.സി.എ2/300/2020 ഫയൽ നിരസിക്കപ്പെട്ടതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ; | (എ) | പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ആയൂർവേദ ഡിസ്പൻസറിയും റോഡും നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 16/07/2021-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിക്കുകയും നെൽവയലുകളിലൂടെ റോഡ് നിർമ്മിക്കുന്നത് പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത അപേക്ഷ നിരസിക്കേണ്ടതാണെന്ന് സമിതി അറിയിക്കുകയുണ്ടായി 2008-ലെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനു ശേഷം ബന്ധപ്പെട്ട കമ്മിറ്റികൾക്കും അധികാരികൾക്കു മുൻപാകെ പരിവർത്തനാനുമതിയ്ക്കായുള്ള അപേക്ഷകൾ സാധൂകരിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ല. അത്തരത്തിലുള്ള അനധികൃതവും നിയമവിരുദ്ധമായ പരിവർത്തനങ്ങൾ ആരംഭത്തിൽ തന്നെ തടയുന്നതിനും ഭൂമിയുടെ തരം അതേ നിലയിൽ സംരക്ഷിക്കുന്നതിനും, വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് (23) പ്രകാരമുള്ള നടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ടി സാഹചര്യത്തിൽ അനുമതി ഇല്ലാതെ ആശുപത്രി കെട്ടിടം നിർമ്മിച്ചത് ചട്ട വിരുദ്ധമായതിനാൽ മേൽ വകുപ്പ പ്രകാരം നടപടി സ്വീകരിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ് . |
| (ബി) | പൊതു ആവശ്യമാണെന്നതും കെട്ടിട നിർമ്മാണം പൊതു ഫണ്ട് ഉപയോഗിച്ച് വർഷങ്ങൾക്കുമ്പ് പൂർത്തീകരിച്ചതാണെന്നതും പരിഗണിച്ച് പ്രസ്തുത ഫയലിന്മേൽ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (ബി) | പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ ആയൂർവേദ ഡിസ്പൻസറിയും റോഡും നിർമ്മിക്കുന്നതിന് നിലം പരിവർത്തനപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ 16/07/2021-ൽ കൂടിയ സംസ്ഥാനതല സമിതി പരിശോധിക്കുകയും നെൽവയലുകളിലൂടെ റോഡ് നിർമ്മിക്കുന്നത് പാരിസ്ഥിതിക വ്യവസ്ഥയെ ദോഷകരമായി |

| | | | |
|---|---|---|---|
| | | | ബാധിക്കുന്നതിനാൽ പ്രസ്തുത അപേക്ഷ നിരസിക്കേണ്ടതാണെന്ന് സമിതി അറിയിക്കുകയുണ്ടായി 2008-ലെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനു ശേഷം ബന്ധപ്പെട്ട കമ്മിറ്റികൾക്കും അധികാരികൾക്കു മുൻപാകെ പരിവർത്തനാനുമതിയ്ക്കായുള്ള അപേക്ഷകൾ സാധൂകരിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ല. അത്തരത്തിലുള്ള അനധികൃതവും നിയമവിരുദ്ധമായ പരിവർത്തനങ്ങൾ ആരംഭത്തിൽ തന്നെ തടയുന്നതിനും ഭൂമിയുടെ തരം അതേ നിലയിൽ സംരക്ഷിക്കുന്നതിനും, വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് (23) പ്രകാരമുള്ള നടപടികളും അച്ചടക്ക നടപടികളും സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ടി സാഹചര്യത്തിൽ അനുമതി ഇല്ലാതെ ആശുപത്രി കെട്ടിടം നിർമ്മിച്ചത് ചട്ട വിരുദ്ധമായതിനാൽ മേൽ വകുപ്പ പ്രകാരം നടപടി സ്വീകരിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ് . |

സെക്ഷൻ ഓഫീസർ